# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3709 15.05.2017-ൽ മറുപടിക്ക്

### ഹയർ സെക്കന്ററി കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഹയർ സെക്കന്ററി കോമേഴ്സ് (സീനിയർ/ജൂനിയർ/നോൺ വോക്കേഷണൽ) അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എത്ര പേരെ പി.എസ്.സി അഡ്വൈസ് ചെയ്തിട്ടുണ്ട്; | (എ) | 01.01.2016 മുതൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കൊമേഴ്സിന്റെ 21 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി കൊമേഴ്സിന്റെ 4 ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഒഴിവുകളിൽ 11 എണ്ണവും എച്ച്.എസ്.എസ്.റ്റി കൊമേഴ്സിന്റെ ഒഴിവുകളിൽ 4 എണ്ണവും പി.എസ്.സിയിൽ നിന്നുള്ള നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്.<br><br>നോൺ വൊക്കേഷണൽ (കൊമേഴ്സ്) അധ്യാപകരുടെ 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരേയും പി.എസ്.സി ശുപാർശ ചെയ്തിട്ടില്ല |
| (ബി) | കഴിഞ്ഞ സർക്കാർ അനുവദിച്ച ഹയർ സെക്കന്ററി അധിക ബാച്ചുകളുടെ അദ്ധ്യാപക തസ്തികകളുടെ പോസ്റ്റ് ക്രിയേഷൻ നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇല്ല. 2014-15, 2015-16 അദ്ധ്യന വർഷങ്ങളിൽ സർക്കാർ/ എയ്ഡഡ് മേഖലയിൽ പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകൾക്ക് / ബാച്ചുകൾക്ക് ആവശ്യമായ അദ്ധ്യാപക-ലാബ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ തത്വത്തിൽ 11.04.2016-ലെ സ.ഉ(കൈ) നം.76/2016/പൊവി നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച് തസ്തികകളുടെ എണ്ണം വ്യക്തമാക്കിക്കൊണ്ടുള്ള വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.<br><br>ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിലവിലെ ജോലിഭാരം സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീയഡുവരെ ക്ലാസ്സുകൾ എടുക്കുന്നവർ ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകരായും 24 പീരിയഡുകൾവരെയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർ ഹയർ സെക്കന്ററി സീനിയർ അദ്ധ്യാപകരായും |

| | | | |
|---|---|---|---|
| | | | പരിഗണിക്കപ്പെടുന്നു. ഇപ്പോൾ ശരാശരി 45 മിനിട്ടിന് താഴെയാണ് ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പിരീഡിന്റെ ദൈർഘ്യം. അതനുസരിച്ച് 5 പ്രവൃത്തി ദിവസങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതിയാകും. കൂടാതെ അധികമായി വരുന്ന 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപകനെ നിയമിക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന വെറും 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വൻപിച്ച സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ ഹയർ സെക്കന്ററി അധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരിക്കുവാനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. |
| (സി) | എച്ച്.എസ്.എ യിൽ നിന്ന് എത്ര പേർക്ക് എച്ച്.എസ്.എസ്.റ്റി (കോമേഴ്സ്) ആയി പ്രൊമോഷന് അർഹതയുണ്ടെന്നും എത്ര ഒഴിവുകൾ ഇതിനായി മാറ്റിവച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (സി) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികയിലെ 33 ഒഴിവുകൾ. |
| (ഡി) | അവരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ എന്ന് വെളിപ്പെടുത്തുമോ? | (ഡി) | ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായവരില്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**